**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **10-02-2025 - ൽ മറുപടിയ്ക്ക്**

**നെറ്റ് മീറ്ററിന്റെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെറ്റ് മീറ്ററിന്റെ അഭാവം മൂലം പുരപ്പുറ സോളാർ പദ്ധതിക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുരപ്പുറ സോളാർ പദ്ധതിക്ക് ആവശ്യമായ മീറ്ററുകൾ യഥാസമയം ലഭ്യമാക്കി പദ്ധതി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നവംബർ, ഡിസംബർ മാസങ്ങളിൽ സിംഗിൾ ഫേസ് മീറ്ററിനു കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഈ സമയം ത്രീ ഫേസ് മീറ്റർ ലഭ്യമായിരുന്നു. ഡിസംബർ മാസം അവസാനത്തോടെ 10,000 സിംഗിൾ ഫേസ് മീറ്ററും, 27,500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടുത്ത വർഷത്തേക്കുള്ള ആവശ്യകത ലക്ഷ്യമിട്ട് 93,000 സിംഗിൾ ഫേസ് മീറ്ററും, 45,500 ത്രീ ഫേസ് മീറ്ററും ലഭ്യമാക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. നെറ്റ് മീറ്റർ ഉപഭോക്താവിന് സ്വന്തം നിലയ്ക്കും വാങ്ങി വയ്ക്കാവുന്നതാണ്. അപ്രകാരം വയ്ക്കുന്ന പക്ഷം മീറ്റർ വാടക ഈടാക്കുന്നതല്ല. |
| (ബി) | നെറ്റ് മീറ്ററുകൾക്ക് സർക്കാർ നിലവിൽ എത്ര രൂപയാണ് ഈടാക്കുന്നത്; നെറ്റ് മീറ്ററുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | നെറ്റ് മീറ്ററുകൾ കെ. എസ്. ഇ. ബി. ടെൻഡർ നടപടി ക്രമങ്ങളിലൂടെ സംഭരിച്ച് കൺസ്യൂമേഴ്സിന് സിംഗിൾ ഫേസ് 30/- രൂപ നിരക്കിലും ത്രീ ഫേസ് 35/- രൂപ നിരക്കിലും, മാസ വാടക പ്രകാരം നൽകുകയാണ് ചെയ്യുന്നത്. നെറ്റ് മീറ്ററുകൾക്കും, മറ്റു അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ സബ്സിഡി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ